2022-2023

ആമുഖം

ഗ്രാമസ്വരാജ് എന്ന മഹാത്മാ ഗാന്ധിജിയുടെ സ്വപ്നവും, സാമൂഹ്യ നീതി എന്ന കാഴ്ചപ്പാടും, ഏറ്റവും താഴെതട്ടിലുള്ളവരെ കൈപിടിച്ചുയർത്തുന്ന അന്ത്യോദയ എന്ന ആശയത്തിനും മുൻതൂക്കം നൽകി കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് നമുക്കൊരുമിച്ച് പ്രവർത്തിക്കാം.

കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തെ വാർഷിക ബഡ്ജറ്റ് ഇന്ന് അവതരിപ്പിക്കുകയാണ് . ഗ്രാമീണ മേഖലയെ കൈപിടിച്ചുയർത്തുന്ന വികസന മുന്നേറ്റങ്ങൾ നമുക്കാവശ്യമാണ് . ഗ്രാമീണ റോഡുകളുടെ വികസനം -പാർപ്പിടം, കുടിവെള്ളം, വിദ്യാഭ്യാസം, തൊഴിൽ ഇവയെല്ലാം നടപ്പിലാക്കി വികസനം സാധ്യമാക്കേണ്ടതുണ്ട്. പദ്ധതികൾസമയബന്ധിതമായി പൂർത്തിയാക്കുന്നതോടൊപ്പം പുത്തൻ ആശയങ്ങൾ വിലയിരുത്തി പുതിയ വികസന മുന്നേറ്റത്തിന് തുടക്കം കുറിക്കുവാൻ നമുക്ക് കഴിയണം. എല്ലാവർക്കും വികസനം - എല്ലാവരിലും സന്തോഷം എന്ന ആശയം നടപ്പിലാക്കേണ്ടതുണ്ട്. ആനുകൂല്യങ്ങൾക്കായി കാത്തുനിൽക്കുന്ന വരിയിലെ അവസാനം നിൽക്കുന്ന ആളിനെയും കൈപിടിച്ച് ഉയർത്തണം . അതുവരെ നമുക്ക് വിശ്രമമില്ലാത്ത പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കണം. ജനങ്ങളർപ്പിച്ച വിശ്വാസം സംരക്ഷിക്കുകയും, നിലനിർത്തുകയും വേണ്ടതുണ്ട്. പുത്തൻ ആശയങ്ങളുടെ ആസൂത്രണം നമുക്ക് അത്യന്താപേക്ഷിതമാണ്. ഈ ഭരണ സമിതി അതിന് പ്രതിജ്ഞാബദ്ധരാണ്. പുതിയ വികസന പ്രവർത്തനങ്ങൾക്ക് നമുക്ക് തുടക്കം കുറിക്കേണ്ടതുണ്ട്. അതിനായി പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. ആയതിനാൽ വികസനത്തിന് പുതിയ തുടക്കം കുറിക്കുവാൻ നമുക്കൊരുമിക്കാം. പരിശ്രമിക്കാം.

ആതിര സുധീവ്

പ്രസിഡന്റ്

കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് വാർഷിക ബജറ്റ് 2022-23

മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ അരീക്കോട് ബ്ലോക്കിൽ ഉൾപ്പെടുന്ന കുഴിമണ്ണ ഗ്രാമപഞ്ചായത്ത് കാവനൂർ, പുൽപ്പറ്റ, അരീക്കോട്, മൊറയൂർ, മുതുവല്ലൂർ എന്നീ 5 പഞ്ചായത്തുകളും കൊണ്ടോട്ടി മുനിസിപ്പാലിറ്റിയും ആണ് നമ്മുടെ പഞ്ചായത്ത് ആയ കുഴിമണ്ണ ഗ്രാമ പഞ്ചായത്തിന്റെ അതിർത്തി പങ്കിടുന്നു.

1961 ൽ രൂപം കൊണ്ട കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 60-ാമത്തെതും, 2020 ഡിസംബർ 21 ന് അധികാരത്തിൽ വന്ന നമ്മുടെ ഭരണസമിതിയുടെ രണ്ടാമത്തെതുമായ 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് ഏറെ അഭിമാനത്തോടെയും, അതിയായ സന്തോഷത്തോടെയും ആണ് ഇന്ന് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്.

പഞ്ചായത്ത് രാജ് ആക്ട് 214 -ാം വകുപ്പ് പ്രകാരം ഓരോ സാമ്പത്തിക വർഷത്തിലും മാർച്ച് 31 നകം അടുത്ത വർഷത്തെ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുണ്ട്. എങ്കിൽ മാത്രമേ വരും വർഷങ്ങളിൽ പദ്ധതി നിർവ്വഹണങ്ങൾക്കാവശ്യമായ ഫണ്ട് ചെലവഴിക്കുവാൻ സാധിക്കുകയുള്ളു.

വരുന്ന സാമ്പത്തിക വർഷം ആരംഭം മുതൽ പദ്ധതി പ്രവർത്തനങ്ങൾ ചെയ്താൽ മാത്രമേ 2022-23 വർഷത്തെ പദ്ധതി ചെലവ് 100 ശതമാനവും കൈവരിക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ തനത് വരുമാനം ആയ കെട്ടിടനികുതി ഇപ്പോൾ 72 ശതമാനത്തിനു മുകളിൽ കിട്ടിയിട്ടുണ്ട്. കഴിഞ്ഞ 2 വർഷക്കാലമായിട്ട് ലോക ജനതയെ ഒന്നാകെ കാർന്നുതിന്നു കൊണ്ടിരുന്ന മഹാമാരി ആയ കോവിഡ് 19 എന്ന പകർച്ചവ്യാധി നമ്മുടെ നാടിനെ ഒന്നാകെ ഭീതിയിലാക്കിയിരുന്ന അവസരത്തിൽ ഏകദേശം 2 വർഷക്കാലമായി നിത്യവൃത്തിക്കുപോലും കഷ്ടപ്പെടുന്നവർ ഉൾപ്പെടെയുള്ള ഭൂരിഭാഗം ജനങ്ങളുടെയും ജീവിതസാഹചര്യങ്ങൾ താറുമാറായി . കച്ചവടസ്ഥാപനങ്ങളും, സ്കൂളുകളും, ഓഫീസുകളും മറ്റ് എല്ലാ പ്രവർത്തനമേഖലകളും മാസങ്ങളോളം അടഞ്ഞുകിടന്നിരുന്നു. ഇത് മൂലം കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്

ലഭിക്കേണ്ടിയിരുന്ന നികുതി വരുമാനങ്ങൾക്ക് മുടക്കം വന്നിരിക്കുന്നു. ക്യാമ്പ് കളക്ഷൻ നടത്തിയിട്ടുപോലും വളരെ തുച്ഛമായ തുക മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. ആയതിനാൽ നികുതി പിരിവു, കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കലും, പുതിയ സ്ഥാപനങ്ങള കണ്ടെത്തി ലൈസൻസ് എടുപ്പിക്കലും ഊർജിതപ്പെടുത്തേണ്ടതാണ്.

കോവിഡ് കാലത്ത് ജനങ്ങൾക്ക് അവശ്യ സേവനങ്ങൾ ചെയ്ത്, അവർക്ക് താങ്ങും തണലുമായി നിന്നിരുന്ന പഞ്ചായത്ത് അംഗങ്ങൾ, ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, വാർഡ്തലസമിതി അംഗങ്ങൾ, സന്നദ്ധപ്രവർത്തകർ, അംഗൻവാടി ജീവനക്കാർ, ആശാവർക്കേഴ്സ്, കുടുംബശ്രീ പ്രവർത്തകർ തുടങ്ങി എല്ലാ തലങ്ങളിലുള്ളവരുടെയും പ്രവർത്തനം മാതൃകാപരവും, അഭിനന്ദനീയവുമാണ്.

ഹരിത കേരള മിഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ചിട്ടയായ പ്രവർത്തനം തുടർന്ന് പോവേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്

കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ തുടർച്ചയായ 2-ാമത്തെ സർവ്വയലൻസ് (Surveillance audit) ഓഡിറ്റ് വളരെയധികം ഭംഗിയായി പൂർത്തികരിക്കുകയും, കഴിഞ്ഞ 2 1/2 വർഷക്കാലമായി നമ്മുടെ പഞ്ചായത്ത് ISO 9001-2015 സർട്ടിഫിക്കേഷൻ നിലനിർത്തിക്കൊണ്ടു പോരുകയും ചെയ്യുന്നു. കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് അംഗങ്ങളുടെയും കുഴിമണ്ണ ഗ്രാമ പഞ്ചായത്തിലെയും, അനുബന്ധ സ്ഥാപനങ്ങളിലെയും എല്ലാ ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായാണ് ഈ നേട്ടം നിലനിർത്തിക്കൊണ്ടുപോരുന്നത് എന്നത് വളരെ അഭിമാനർഹമായ ഒരു കാര്യമാണ്.

2022-23 വർഷം ആരംഭം മുതൽ തന്നെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ആയതിന്റെ ഗുണഫലങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുകയും ചെയ്യുക എന്ന മഹനീയ ലക്ഷ്യമാണ്. ഈ ബജറ്റിലൂടെ ഭരണസമിതി വിഭാവനം ചെയ്യുന്നത്.

വികസന ക്ഷേമ പ്രവർത്തനങ്ങളുടെ യഥാർത്ഥ അവസ്ഥകൾ ഉൾക്കൊള്ളുന്ന ഈ ബജറ്റ് എല്ലാ മേഖലകളുടെയും സമഗ്ര പുരോഗതിയാണ് ലക്ഷ്യമിടുന്നത്. പഞ്ചായത്ത് രാജ് സംവിധാനത്തിലെ അടിസ്ഥാനശിലകൾ ആയ ഗ്രാമ സഭകളിൽനിന്നും, മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സ്റ്റാൻഡിങ്ങ് കമ്മറ്റികളിൽ നിന്നും ഉരുത്തിരിഞ്ഞു വന്നിട്ടുള്ള ക്രിയാത്മക നിർദ്ദേശങ്ങളാണ് വിവിധ മേഖലകളിലെ പദ്ധതികൾക്കായി ഏറ്റെടുത്ത് ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ഭവന രഹിതർ ഇല്ലാത്ത കേരളം എന്ന പ്രഖ്യാപിത ലക്ഷ്യവുമായി 2018 - 19 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ലൈഫ് മിഷൻ പദ്ധതിയിൽ ഭവനരഹിതരായ കുടുംബങ്ങൾക്ക് നാളിതുവരെ 25 വീട് നൽകുകയും,48 പേർക്ക് വീടുകൾ നല്കുവാനുള്ള നടപടികൾ നടന്നു വരികയും ചെയ്യുന്നു എന്നുള്ളതും വളരെ പ്രാധാന്യമർഹിക്കുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി തുടർച്ചയായി ഉണ്ടായ മഴക്കെടുതിയിലും മഹാ പ്ര ളയത്തിലും നശിച്ചുപോയ കാർഷികമേഖലയ്ക്ക് പുതുജീവൻ നൽകുന്നതിനോടൊപ്പം സുസ്ഥിരവികസനം മുന്നിൽ കണ്ട് പശ്ചാത്തല മേഖലയ്ക്കും സേവന മേഖലയ്ക്കും കൂടി പ്രാധാന്യം നൽകികൊണ്ട് സർക്കാർ വിഭാവനം ചെയ്തിട്ടുള്ള 4 മിഷനുകൾ ആയ ആർദ്രം, ലൈഫ്, പൊതു വിദ്യാഭ്യാസ സംരക്ഷണം, ഹരിതകേരളം എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന രീതിയിലാണ് ഓരോ മേഖലയ്ക്കും തുക വകയിരുത്തിയിട്ടുള്ളത്.

പാൽ ഉൽപാദനവും, വനിതകൾക്ക് സ്വയം തൊഴിലും ദാരിദ്ര ലഘൂകരണം, ഭക്ഷ്യസ്വയംപര്യാപ്തത , ആരോഗ്യസംരക്ഷണം, സ്ത്രീസംരക്ഷണം , സാമൂഹ്യസുരക്ഷിതത്വം, കൃഷി പ്രോത്സാഹനം ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ, തൊഴിൽസൃഷ്ടി, തൊഴിൽ പ്രോത്സാഹനം, ശിശുസംരക്ഷണം, മാലിന്യ രഹിത പഞ്ചായത്ത്, ഗതാഗത സൗകര്യം വർദ്ധിപ്പിക്കൽ, വിദ്യാഭ്യാസ പുരോഗതി, സദ്ഭരണം ഉറപ്പുവരുത്തൽ, ശിശുക്ഷേമ പ്രവർത്തനങ്ങൾ, കായികക്ഷമത ഉയർത്തൽ, രോഗീപരിചരണം ഉറപ്പാക്കൽ, വാതിൽപടി സേവനം,സാന്ത്വനം (65 വയസ്സിൽ മുകളിൽ പ്രായമായവരുടെ വീടുകളിൽ ചെന്ന് ഷുഗർ, പ്രഷർ, കൊളസ്ട്രോൾ പരിശോധന) കൂടാതെ വയോജനങ്ങളുടെ ക്ഷേമപ്രവർത്തനത്തിന് എന്നപോലെ സമൂഹത്തിൽ താങ്ങും തണലും ഏറ്റവും ആവശ്യമുള്ള വിഭാഗമായ വ്യത്യസ്ത ശേഷിയുള്ള നമ്മുടെ കൂട്ടുകാരുടെ ക്ഷേമവും

കുഴിമണ്ണ ഗ്രാമ പഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്. നമ്മുടെ പഞ്ചായത്തിൽ 40 ഹെക്ടറിൽ ഉൽപാദിപ്പിക്കുന്ന നെൽകർഷകരുടെ നെല്ലും, 20 ഹെക്ടറിലെ പച്ചക്കറികളും 7 ഹെക്ടറിലെ വാഴകൃഷി ഉൽപന്നങ്ങളും 800 ഹെക്ടറിലെ നാളികേരവും, 100 ഹെക്ടറിലെ മറ്റ് വിളകളും , **ഗ്രാമീണം** എന്ന ബ്രാൻഡ് നെയ്മിൽ വിപണി കണ്ടെത്തി പുതിയ വികസന പ്രവർത്തനങ്ങൾക്ക് നമുക്ക് തുടക്കം കുറിക്കേണ്ടതുണ്ട്.

സർക്കാർ സ്ഥാപനങ്ങൾ, ഏജൻസികൾ, വകുപ്പുകൾ എന്നിവയിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകളും വരുമാനവും കൂടിച്ചേരുന്നതാണ് നമ്മുടെ വിഭവ സ്രോതസ്സ്, പഞ്ചായത്തിന്റെ സാമ്പത്തിക വരവുകൾക്കു പുറമെ എം.പി, എം.എൽ എ ഫണ്ടുകൾ, പ്രളയ ദുരിതാശ്വാസ ഫണ്ടുകൾ , ശുചിത്വ മിഷൻ ഫണ്ട് വിമുക്തി , വിവിധ സാമൂഹ്യ സുരക്ഷിതത്വ ഫണ്ടുകൾ സംസ്ഥാനവിഷ്കൃത പദ്ധതികൾ കൂടാതെ

2022-23 വർഷാരഭത്തെ നീക്കി ബാക്കിയായ 1,18,22,247 രൂപ ഉൾപ്പെടെ ആകെ 20,25,31,247 രൂപ സാമ്പത്തിക വർഷത്തെ വരവും 19,90,38000 രൂപ ആകെ ചെലവും പ്രതീക്ഷിക്കുന്നു. ആയതിൽ ചെലവ് കഴിച്ച് 34,93,247 രൂപയുടെ മിച്ച ബജറ്റ് ആണ് ഈ ഭരണസമിതി 2022-23 സാമ്പത്തിക വർഷത്തിൽ അവതരിപ്പിക്കുന്നത്

കാർഷിക മേഖലയ്ക്ക് മുൻഗണന നല്കി, സേവന, പശ്ചാത്തല മേഖലകളിൽ ദീർഘവീക്ഷണത്തോടു കൂടിയുള്ള ബജറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളത്. കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ ദുരിതമനുഭവിക്കുന്നവരെയും പിന്നോക്ക വിഭാഗങ്ങൾ, ഭിന്നശേഷിയുള്ള വ്യക്തികൾ, വൃദ്ധർ, നിരാലംബരായ രോഗികൾ, സ്ത്രീകൾ, കുട്ടികൾ എന്നിങ്ങനെ കൈത്താങ്ങ് ആവശ്യമായവരും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഉചിതമായ രീതിയിലുള്ള പദ്ധതികൾ ആസൂത്രണത്തിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട് . ഇതിലൂടെ സ്ത്രീ സൗഹൃദ, ബാലസൗഹൃദ, ജനസൗഹൃദ, ഭരണസിരാകേന്ദ്രം ആവുക എന്ന ലക്ഷ്യമാണ് കുഴിമണ്ണ ഗ്രാമപഞ്ചായത്ത് മുന്നോട്ടുവെക്കുന്നത്.

ആരോഗ്യകരമായ ചർച്ചകൾക്കും അഭിപ്രായങ്ങൾക്കും വിധേയമായി വിലയിരുത്തലുകൾക്കും അംഗീകരിക്കുന്നതിനായി ബജറ്റിന്റെ വിശദാംശങ്ങളിലേക്കു കടക്കുന്നു

ഈ ബഡ്ജറ്റിൽ

സേവന മേഖലക്കായി	- 4.91 കോടി	രൂപയും
ഉൽപാദന മേഖലക്കായി	-30 ലക്ഷം	രൂപയും
ആരോഗ്യ മേഖലക്കായി	- 19.5 ലക്ഷം	രൂപയും
എസ്.എസ്.എ. വിഹിതത്തിനായി	-8.5 ലക്ഷം	രൂപയും
അംഗൻവാടി പശ്ചാത്തല അനുബന്ധ സൗകര്യങ്ങൾക്കായി	-10 ലക്ഷം	രൂപയും
മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള	-27 ലക്ഷം	രൂപയും
ക്ഷേമ പരിപാടികൾ (എസ്.സി.എസ്.റ്റി ജനറൽ ഉൾപ്പെടെ)	-77 ലക്ഷം	രൂപയും
അനുപൂരക പോഷകാഹാര പദ്ധതി (എസ്.സി ഉൾപ്പെടെ)	-68 ലക്ഷം	രൂപയും
പാർപ്പിട മേഖലയ്ക്കുള്ള പദ്ധതിയിൽ	-35 ലക്ഷം	രൂപയും
ബാലസദയ്ക്കുവേണ്ടി	-1 ലക്ഷം	രൂപയും
അജൈവമാലിന്യശേഖരണം, സംഭരണം, സംസ്കരണത്തിന്	- 2 ലക്ഷം	രൂപയും

പട്ടികജാതി ക്ഷേമത്തിനുള്ള പദ്ധതികൾക്കായി -20 ലക്ഷം രൂപയും

ആകെ മെയിന്റനൻസ് പ്രോജക്ടുകൾക്ക് -26 കോടി 56 ലക്ഷം രൂപയും

പകർച്ചവ്യാധി നിയന്ത്രണത്തിന് -1 ലക്ഷം രൂപയും

റോഡ് വികസനത്തിനായി 5.26 കോടി രൂപയും

ആശ്രയ പദ്ധതിയിൽപ്പെടുത്തി ഭക്ഷ്യസാധനങ്ങൾ

വിതരണം ചെയ്യുന്നതിന് -10 ലക്ഷം രൂപയും

യുവജനക്ഷേമത്തിനായി 1 ലക്ഷം രൂപയും

ജല ജീവൻ പദ്ധതികൾക്കായി -17 കോടി രൂപയും

കാർഷിക വികസനത്തിനായി -37 ലക്ഷം രൂപയും

കുടിവെള്ള പദ്ധതിക്കായി -2 ലക്ഷം രൂപയും

പദ്ധതി രൂപീകരണം മോണിറ്ററിംഗിനായി -2 ലക്ഷം രൂപയും

വെള്ളപ്പൊക്ക നിവാരണത്തിനായി -3 ലക്ഷം രൂപയും

ആരോഗ്യമേഖലയിൽ മൃഗസംരക്ഷണത്തിനായി -19.5 ലക്ഷം രൂപയും

ശുചിത്വ മാലിന്യ സംസ്കരണം , ജല സംരക്ഷണം എന്നിവയ്ക്കായി -45 ലക്ഷം രൂപയും

ശിശുസംരക്ഷണത്തിനും, വനിതകളുടെ ക്ഷേമത്തിനു മ ായി -10ലക്ഷം രൂപയും

സാന്ത്വനപരിപാടികൾക്കായി(എസ്.സി.എസ്.റ്റി.ജനറൽ) -5 ലക്ഷം രൂപയും

വൃദ്ധക്ഷേമപരിപാടികൾക്കായി	-1.5 ലക്ഷം	രൂപയും
മണ്ണ്, മല സംരക്ഷണത്തിനായി	-4 ലക്ഷം	രൂപയും
പ്രകൃതി സംരക്ഷണത്തിന്	-5 ലക്ഷം	രൂപയും
സൗരോർജ്ജ പദ്ധതികൾക്കായി	-2 ലക്ഷം	രൂപയും
ടൂറിസം മേഖലയ്ക്കായി -	-75 ലക്ഷം	രൂപയും

ക്ഷീരവികസനത്തിനായി	-4 ലക്ഷം	രൂപയും
ദാരിദ്ര്യാ ലഘൂകരണത്തിന് വേണ്ടി	- 2 കോടി	രൂപയും വകയിരുത്തിയിട്ടുണ്ട്

2022-23 വർഷത്തേയ്ക്ക് സംസ്ഥാന ഗവൺമെന്റിൽ നിന്നും കുഴിമണ്ണ ഗ്രാമപഞ്ചായത്ത് പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് വിഹിതം

പ്രതിമാസ പരമ്പരാഗത ചുമതലകൾക്കായി	(ജനറൽ പർപ്പസ് ഫണ്ട്)	-1,72,26,000	രൂപയും .
വികസന ഫണ്ട് (ജനറൽ)		-2,28,81,000	രൂപയും

വികസന ഫണ്ട് (SCP) – 83,37,000 രൂപയും

റോഡ് ഇനം – 1,14,25,000 രൂപയും

റോഡിതര ഇനം

– 1,29,25,000 രൂപയുംഅനുവദിച്ചിട്ടുണ്ട്.

15-ാം ധന കാര്യകമ്മീഷൻ അവാർഡ് (CFC)

ബേസിക് ഗ്രാന്റ് 35,92,000 രൂപയും

TIED ഗ്രാന്റ് 53,88,000 രൂപയും

ആയത് പ്രകാരം:-

(1) 2022-23 സാമ്പത്തിക വർഷം പ്രാരംഭ ബാക്കിയായി 1,18,22,242 രൂപ പ്രതീക്ഷിക്കുന്നു. നികുതി വരുമാനമായി കെട്ടിട നികുതി 74 ലക്ഷം രൂപയും തൊഴിൽ നികുതി **23 ലക്ഷം** രൂപയും ഉൾപ്പെടെ 97 ലക്ഷം രൂപയും

2. നികുതിയിതര വരുമാനമായി **35,70,000** രൂപയും ഉൾപ്പെടെ ആകെ തനത് വരുമാനമായി 1,32,70,000 രൂപയും പ്രതീക്ഷിക്കുന്നു.

3. (BS3) പ്രിത മാസ പരമ്പരാഗത ചുമതലകൾക്കായി (ജനറൽ പർപ്പസ് ഫണ്ട്) **1,72,26,000** രൂപ പ്രതീക്ഷിക്കുന്നു.

4. (BS4)പദ്ധതി ചെലവുകൾക്ക് മറ്റ് ഗ്രാന്റുകൾ ആയി **7,94,15,000** രൂപയും

5. (BS 5)പദ്ധതിയേതര ചെലവുകൾക്ക് മറ്റ് ഗ്രാന്റുകൾ ആയി **5 കോടി 5ലക്ഷം** രൂപയും ആകെ റവന്യൂ വരവായി **16,49,11000**

6. (BS6) മൂലധന വരവ് വായ്പ വാങ്ങലിന് **5 ലക്ഷം** രൂപയും

7. (BS7) വായ്പ ഒഴികെ മൂലധന വരവുകളായി **2,52,98,000** രൂപയും പ്രതീക്ഷിക്കുന്നു

8. 2022-23 വർഷത്തെ പ്രാരംഭ ബാക്കിയായ **1,18,2,247** രൂപ ഉൾപ്പെടെ ആകെ വരവ് **20,25,31,247** രൂപ പ്രതീക്ഷിക്കുന്നു.

9. (BS8) റവന്യൂ ചെലവുകളിൽ ജനപ്രതിനിധികൾക്കുള്ള ഓണറേറിയം **21 ലക്ഷം** രൂപയും സിറ്റിംഗ് ഫീ **2,50,000** രൂപയും, ജീവനക്കാരുടെ വേ ത നം **90 ലക്ഷം** രൂപയും ദിവസ വേതനക്കാരുടെ വേതനം **9 ലക്ഷം രൂപയും**, ഓഫീസ് ചെലവുകൾക്കായി **3,00,000 രൂപയും**, വൈദ്യുതി ചാർ ജ്ജാമി **12 ലക്ഷം** രൂപയും ഉൾപ്പെടെ അനിവാര്യ ചുമതലകൾക്ക് വേണ്ടിയുള്ള റവന്യു ചെലവുകൾക്കായി **1,95,33,000 രൂപയും**

10. (BS9) റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾക്കായി **9,74,30,000 രൂപയും**

11. (BS10) റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾക്കായി (നോൺ പ്ലാൻ) **5 കോടി 50ലക്ഷം** രൂപയും ഉൾപ്പെടെ ആകെ **17,19,63,000 രൂപയും** റവന്യൂ ചെലവ് പ്രതീക്ഷിക്കുന്നു.

12. (BS11) മറ്റ് മൂലധന ചെലവിൽ വായ്പകൾ ഒന്നും തന്നെ എടുത്തിട്ടില്ലാത്തതിനാൽ വായ്പ തിരിച്ചടവുകൾ ഒന്നും പ്രതീക്ഷിക്കുന്നില്ല.

13. (BS12) മറ്റ് മൂലധന ചെലവുകൾക്കായി **2,70,75,000** രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു.

14. റവന്യൂ ചെലവുകളും മൂലധന ചെലവുകളും ഉൾപ്പെടെ ആകെ **2,70,75,000** രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

2022-23 സാമ്പത്തിക വർഷത്തെ പ്രാരംഭ ബാക്കിയായി **1,18,22,247**, രൂപ ഉൾപ്പെടെ 20,2531.247 രൂപ വരവും **19,90,38,000** രൂപ ചെലവും കണ ക്കാക്കുന്ന ഈ ബജറ്റിൽ 34,93,247 രൂപ മിച്ചവും പ്രതീക്ഷിക്കുന്ന മിച്ച ബഡ്ജറ്റ് ഞാൻ ഈ സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ബാബു ആനത്താനത്ത്

വൈസ് പ്രസിഡന്റ്

കുഴിമണ്ണ ഗ്രാമ പഞ്ചായത്ത്

KUZHIMANNA GRAMAPANCHAYAT

BUDGET FOR YEAR 2022-23

	Particulars - ഇന വിവരം		Actuals for the year 2020-21 യഥാർത്ഥ കണക്ക് 2020-21	Revised Budget for the year 2021-22 പരിഷ്കരിച്ച ബജറ്റ് 2021-22	Budget for the year 2022-23 ബജറ്റ് 2022-23
A	Opening balance(net) - പ്രാരംഭ ബാക്കി	WS-1	17,547,909	16,621,547	11,822,247
B	a) Tax revenue - നികുതി വരുമാനം	BS-1	7,443,693	8,421,000	9,700,000
C	b) Non tax revenue - നികുതിയിതര വരുമാനം	BS-2	2,200,821	4,676,325	3,570,000
D	Total Own Fund - ആകെ തനത് ഫണ്ട്	(B+C)	9,644,514	13,097,325	13,270,000
E	c) General Purpose Fund - ജനറൽ പർപ്പസ് ഫണ്ട്	BS-3	14,150,450	18,437,000	17,226,000
F	Total -ആകെ	(D+E)	23,794,964	31,534,325	30,496,000
G	d) Other Grants(Plan) - മറ്റ് റവന്യൂ ഗ്രാന്റുകള് -പദ്ധതി ചെലവുകൾക്ക്	BS-4	79,178,070	76,973,375	250,015,000
H	e) Other Grants(Non-Plan) - മറ്റ് റവന്യൂ ഗ്രാന്റുകള് -പദ്ധതിയേതര ചെലവുകൾക്ക്	BS-5	73,470,100	54,000,000	55,000,000
I	Toal Revenue Income - ആകെ റവന്യൂ വരവുകൾ	(F+G+H)	176,443,134	162,507,700	335,511,000
J	Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ	BS-6	160,000	450,000	500,000
K	Capital Income other than loans - വായ്പ ഒഴികെ മൂലധന വരവുകൾ	BS-7	8,155,137	16,250,000	24,498,000
L	Total Capital Income - ആകെ മൂലധന വരവുകൾ	(J+K)	8,315,137	16,700,000	24,998,000
M	Total Income - ആകെ വരവുകൾ	(I+L)	184,758,271	179,207,700	360,509,000
N	Total Income+Net opening balance - ആകെ വരവുകളും പ്രാരംഭ ബാക്കിയും	(M+A)	202,306,180	195,829,247	372,331,247

	Particulars - ഇന വിവരം		Actuals for the year 2020-21 യഥാർത്ഥ കണക്ക് 2020-21	Revised Budget for the year 2021-22 പരിഷ്കരിച്ച ബജറ്റ് 2021-22	Budget for the year 2022-23 ബജറ്റ് 2022-23
O	Revenue Expenditure-Statutory functions-റവന്യൂ ചെലവുകള്-അനിവാര്യ ചുമതലകൾക്ക്	BS-8	12,753,512	18,960,000	19,533,000
P	Revenue Expenditure-Plan - റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ	BS-9	87,190,168	90,422,000	267,230,000
Q	Revenue Expenditure-Non-Plan - റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ	BS-10	73,470,100	55,050,000	55,000,000
R	Total Revenue Expenditure - ആകെ റവന്യൂ ചെലവുകൾ	(O+P+Q)	173,413,780	164,432,000	341,763,000
S	Capital Expenditure -Loan repayments - മൂലധന ചെലവുകള്-വായ്പ തിരിച്ചടവ്	BS-11	351,608	0	0
T	Capital expenditure other than loan repayments - മറ്റ് മൂലധന ചെലവുകൾ	BS-12	11,919,245	19,575,000	27,075,000
U	Total Capital Expenditure - ആകെ മൂലധന ചെലവുകൾ	(S+T)	12,270,853	19,575,000	27,075,000
V	Total Expenditure - ആകെ ചെലവുകൾ	(R+U)	185,684,633	184,007,000	368,838,000
W	Closing Balance - നീക്കി ബാക്കി	(N-V)	16,621,547	11,822,247	3,493,247

KUZHIMANNA GRAMAPANCHAYAT

BUDGET FOR YEAR 2022-23

Code	Budget Head	Actuals for the year 2020-21	Revised Budget for the year 2021-22	Budget for the year 2022-23
WS 1 OPENING BALANCE (NET = BS17+BS15+BS12 - BS2-B24-BS7-BS9)		[illegible]	16,621,547	11,822,247
INCOME				
BS-1-REVENUE INCOME-TAXES				
110 10 01	Property Tax-വസ്തു നികുതി	5,718,298	6,300,000	7,400,000
110 11 01	Service Tax-സേവന നികുതി		0	
110 20 01	Profession Tax-തൊഴിൽ നികുതി	1,725,395.00	2,121,000	2,300,000
110 30 01	Advertisement Tax-പരസ്യ നികുതി		0	
110 35 01	Show Tax-പ്രദർശന നികുതി		0	
110 40 01	Entertainment Tax-വിനോദനികുതി		0	
110 51 01	Toll-ടോൾ		0	
110 52 01	Land Conversion Cess-ഭൂ പരിവർത്തന സെസ്		0	
110	Total-Tax Revenue	7,443,693	8,421,000	9,700,000
BS-2- -REVENUE INCOME-NON-TAX				
130	Rental Income from Panchayat Properties			
130 10 01	Rent from Land and Buildings-സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക		0	
130 20 01	Rent from Staff Quarters-സ്റ്റാഫ് ക്വാർട്ടേഴ്സ് വാടക		0	
130 30 01	Rent from Auditoriums and Halls- ആഡിറ്റോറിയം/ഹാൾ വാടക		0	

Code	Budget Head	Actuals for the year 2020-21	Revised Budget for the year 2021-22	Budget for the year 2022-23
130 40 01	Daily Rentals from Panchayat Properties-പഞ്ചായത്ത് സ്വത്തുകളുടെ ദിവസ വാടക		0	
130 80 01	Other Rents- മറ്റ് വാടകകൾ		42,000	
130	Total-Rental Income from Panchayat Properties	0	42,000	0
140	Fees & User Charges			
140 10 01	Empanelment & Registration Charges/ Fees-രജിസ്ട്രേഷൻ ചാർജ്/ഫീസ്	39,450	52,500	50,000
140 11 01	Licence Fees-ലൈസൻസ് ഫീസ്	286,210	367,500	325,000
140 12 01	Fee for Grant of Permit-പെർമിറ്റ് ഫീസ്	515,478	630,000	750,000
140 13 01	Fees for Certificate or Extract-സർടിഫിക്കറ്റ്/എക്സ്ട്രാക്റ്റ് ഫീ	1,662	8,400	10,000
140 20 01	Penalties and Fines-ഫൈൻ	92,007	220,500	300,000
140 40 01	Miscellaneous Fees-മറ്റ് ഫീസുകൾ	91,063	288,750	300,000
140 50 01	User Charges Collected-യൂസർ ചാർജ്		8,925	5,000
140 70 01	Service/ Administrative Charges-സർവീസ്/അഡ്മിനിസ്ട്രേടിവ് ചാർജുകൾ	100,866	630,000	
140	Total-Fees & User Charges-	1,126,736	2,206,575	1,740,000
150	Sale & Hire Charges			
150 10 01	Sale of Products-ഉൽപ്പന്നങ്ങളുടെ വില	2,870	15,750	50,000
150 11 01	Sale of Forms-ഫാറം വില	424,018	880,000	400,000
150 12 01	Sale of stores & Scrap-ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന	9,446	162,000	200,000
150 30 01	Miscellaneous Sales-മറ്റ് വസ്തുക്കളുടെ വിൽപ്പന		0	

Budget prepared in Easy Budget Solution 7.0 Designed by Rameshan TV, AITE

Code	Budget Head	Actuals for the year 2020-21	Revised Budget for the year 2021-22	Budget for the year 2022-23
150 40 01	Hire Charges of Vehicles-വാഹന വാടക		0	
150 41 01	Hire Charges of Tools, Machinery and Equipment-ഉപകരണങ്ങളുടെ വാടക		0	
150	Total-Sale & Hire Charges	436,334	1,057,750	650,000
151	Receipts from Transferred Institutions			
151 10 01	Receipts from Transferred Institutions		0	
151	Total-Receipts from Transferred Institutions	0	0	0
170	Income from Investments			
170 10 01	Interest from Investments-നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ		0	
170 20 01	Dividend-നിക്ഷേപങ്ങളിൽ നിന്നുള്ള അംശാദായം		0	
170 40 01	Profit on Sale of Investments-നിക്ഷേപങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള ലാഭം		0	
170 80 01	Other Income from Investments-നിക്ഷേപങ്ങളിൽ നിന്നുള്ള മറ്റു വരവുകൾ		0	
170	Total-Income from Investments	0	0	0
171	Interest Earned			
171 10 01	Interest from Bank Accounts-ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ	573,473	750,000	900,000
171 20 01	Interest on Loans and Advances to Employees-ജീവനക്കാർക്ക് നൽകിയിട്ടുള്ള മുൻകൂറുകളിൽ നിന്നുള്ള പലിശ		0	
171 30 01	Interest on Loans to Others-മറ്റ് വായ്പകളിൽ നിന്നുള്ള പലിശ വരവുകൾ		0	
171 80 01	Other Interest-മറ്റ് പലിശ വരവുകൾ		0	
171	Total-Interest Earned	573,473	750,000	900,000
180	Other Income			

Code	Budget Head	Actuals for the year 2020-21	Revised Budget for the year 2021-22	Budget for the year 2022-23
180 10 01	Deposits Forfeited-നിക്ഷേപങ്ങൾ കണ്ടുകെട്ടിയത്		50,000	50,000
180 11 01	Lapsed Deposits-കാലഹരണപ്പെട്ട നിക്ഷേപങ്ങൾ		110,000	150,000
180 20 01	Insurance Claim Recovery-ഇന്‍ഷുറന്‍സ് ക്ലെയിം ലഭിച്ചത്		0	
180 30 01	Profit on Disposal of Fixed Assets-സ്ഥിര ആസ്തികളുടെ വില്പനയിലുള്ള ലാഭം		35,000	
180 40 01	Recovery from Employees-ജീവനക്കാരിൽ നിന്നുള്ള റിക്കവറികൾ	64,278	75,000	80,000
180 80 01	Miscellaneous Income		350,000	
180	Total-Other Income	64,278	620,000	280,000
	Total-Non tax revenue	2,200,821	4,676,325	3,570,000
BS-3- GENERAL PURPOSE FUND				
160 10 05	General purpose fund-ജനറൽ പർപ്പസ് ഫണ്ട്	14,150,450	18,437,000	17,226,000
	Total-General purpose fund	14,150,450	18,437,000	17,226,000
BS-4- REVENUE INCOME PLAN GRANTS				
311 10 01	Special Funds-പ്രത്യേക ഫണ്ട്		55,000	60,000
311 20 01	Development Fund for Transfer to Other LSGIs for Joint Venture Project - for Capital Expenditure-സംയോജിത പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-മൂലധന ചെലവുകൾക്ക്		0	0
311 20 02	Development Fund for Transfer to Other LSGIs for Joint Venture Project - for Revenue Expenditure -സംയോജിത പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-റവന്യു ചെലവുകൾക്ക്		0	0
311 20 03	Development Fund for Transfer to Other LSGIs for Other Specific Purposes - for Capital Expenditure-പ്രത്യേക പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-മൂലധന ചെലവുകൾക്ക്		0	0

Code	Budget Head	Actuals for the year 2020-21	Revised Budget for the year 2021-22	Budget for the year 2022-23
311 20 04	Development Fund for Transfer to Other LSGIs for Other Specific Purposes - for Revenue Expenditure-പ്രത്യേക പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-റവന്യൂ ചെലവുകൾക്ക്		0	0
311 71 01	Trust or Agency Funds-ട്രസ്റ്റ്/ഏജൻസി ഫണ്ടുകൾ		0	0
312 10 01	capital contribution-		0	0
320 70 01	Contributions for Joint Venture Projects (for Capital Expenditure) -		0	0
320 70 03	Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതം(റവന്യൂ ചെലവുകൾക്ക്)		0	0
320 10 01	Grants, Funds & Contributions for Specific Purposes -centrally sponsored Schemes-കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	23,136,842	31,412,375	26,700,000
320 10 02	Grants, Funds & Contributions for Specific Purposes - Other Central Government Grants - കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും-പ്രത്യേക പദ്ധതികൾക്കുള്ളത്		0	0
320 20 01	**Development Fund - വികസന ഫണ്ട്**	51,544,869	41,366,000	51,350,000
320 20 02	Fund for Transferred Institutions -ഘടക സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക ഫണ്ടുകൾ		0	0
320 20 03	Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored Scheme Funds - Other purposes-വികസന ഫണ്ടും സംസ്ഥാനാവിഷ്കൃത ഫണ്ടും ഒഴികെ മറ്റ് ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	232,062	240,000	205,000
320 30 01	Grants, Funds & Contributions for Specific Purposes - Other Government Agencies മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	1,185,967	1,900,000	170,600,000
320 40 01	Grants, Funds & Contributions for Specific Purposes - Financial Institutions - ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	72,000	0	0
320 50 01	Grants, Funds & Contributions for Specific Purposes - Welfare Bodies-ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും		0	0
320 60 01	Grants, Funds & Contributions for Specific Purposes - International Organizations-അന്തർദേശീയ സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും		0	0
320 70 02	Contributions for Joint Venture Projects (for Centrally Sponsored Scheme) - സംയോജിത പദ്ധതികൾക്കുള്ള കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതം-		1,000,000	0

Code	Budget Head	Actuals for the year 2020-21	Revised Budget for the year 2021-22	Budget for the year 2022-23
320 70 04	Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതം(റവന്യൂ ചെലവുകൾക്ക്)	1,382,001	0	0
320 80 01	Other Grants, Funds & Contributions for Specific Purposes -others- മറ്റ് പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	1,207,329	1,000,000	1,100,000
320 90 01	Awards from Central Government -കേന്ദ്ര സർക്കാരിൽ നിന്നുള്ള അവാർഡ് സംഖ്യ		0	0
320 90 02	Awards from State Government --സംസ്ഥാന സർക്കാരിൽ നിന്നുള്ള അവാർഡ് സംഖ്യ		0	0
320 90 03	Other Awards and Honours-മറ്റ് അവാർഡുകളും ബഹുമതികളും	417,000	0	0
320	**Total Revenue Income Plan Grants**	79,178,070	76,973,375	250,015,000
BS-5-REVENUE INCOME- NON PLAN GRANTS				
160	**Revenue Grants, Funds, Contributions & Compensations**			
160 10 03	**State Sponsored Schemes (not included under Decentralised Plan Programme)**സംസ്ഥാന ആവിഷ്കൃത പരിപാടികൾക്കുള്ള വരവുകൾ	73,470,100	54,000,000	55,000,000
160	**Total-Revenue Grants, Funds, Contributions & Compensations**	73,470,100	54,000,000	55,000,000
BS-6-CAPITAL INCOME- LOANS				
330	**loans**			
330 10 01	**loans from Central Government-** കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ		0	
330 20 01	**loans from State Government-**സംസ്ഥാന സർക്കാരിൽ നിന്നുള്ള വായ്പ		0	
330 30 01	**loans from Government Bodies and Associations-**സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നുമുള്ള വായ്പ		0	
330 40 01	**loans from International Agencies-**അന്തർദേശീയ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ		0	
330 50 01	**loans from Banks & Other Financial Institutions-**ബാങ്കുകളിൽ നിന്നും മറ്റ് ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ		0	
330 50 02	**loans - Loan from Financial Institutions-**മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ	160,000	450,000	500,000

Code	Budget Head	Actuals for the year 2020-21	Revised Budget for the year 2021-22	Budget for the year 2022-23
330 60 01	loans -Other Term Loans-മറ്റ് ടേം ലോണുകൾ		0	
330 70 01	loans - Bonds & Debentures-ബോണ്ടുകളുടെയും ഡിബെന്ചറുകളുടെയും ഈടിന്മേലുള്ള വായ്പകൾ		0	
330 80 01	loans -Other Loans-മറ്റ് വായ്പകൾ		0	
330	Total-loans	160,000	450,000	500,000
BS-7 Capital income other than loans				
311 10 01	Special Funds-പ്രത്യേക ഫണ്ട്		0	0
311 20 01	Development Fund for Transfer to Other LSGIs for Joint Venture Project - for Capital Expenditure-സംയോജിത പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-മൂലധന ചെലവുകൾക്ക്		0	0
311 20 02	Development Fund for Transfer to Other LSGIs for Joint Venture Project - for Revenue Expenditure -സംയോജിത പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-റവന്യൂ ചെലവുകൾക്ക്		0	0
311 20 03	Development Fund for Transfer to Other LSGIs for Other Specific Purposes - for Capital Expenditure-പ്രത്യേക പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-മൂലധന ചെലവുകൾക്ക്		0	0
311 20 04	Development Fund for Transfer to Other LSGIs for Other Specific Purposes - for Revenue Expenditure-പ്രത്യേക പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം റവന്യൂ ചെലവുകൾക്ക്		0	0
311 71 01	Trust or Agency Funds-ട്രസ്റ്റ്/ഏജൻസി ഫണ്ടുകൾ		0	0
312 10 01	capital contribution-		0	0
320 70 01	Contributions for Joint Venture Projects (for Capital Expenditure) -		0	0
320 70 03	Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതം(റവന്യൂ ചെലവുകൾക്ക്)		0	0

Code	Budget Head	Actuals for the year 2020-21	Revised Budget for the year 2021-22	Budget for the year 2022-23
320 10 01	Grants, Funds & Contributions for Specific Purposes -centrally sponsored Schemes- കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	5,723,914	0	8,500,000
320 10 02	Grants, Funds & Contributions for Specific Purposes - Other Central Government Grants - കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും--പ്രത്യേക പദ്ധതികൾക്കുള്ളത്		0	0
320 20 01	**Development Fund - വികസന ഫണ്ട്**	2,431,223	16,050,000	13,198,000
320 20 02	Fund for Transferred Institutions --ഘടക സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക ഫണ്ടുകൾ	0	0	0
320 20 03	Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored Scheme Funds - Other purposes-വികസന ഫണ്ടും സംസ്ഥാനാവിഷ്കൃത ഫണ്ടും ഒഴികെ മറ്റ് ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും		0	0
320 30 01	Grants, Funds & Contributions for Specific Purposes - Other Government Agencies മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും		0	1,400,000
320 40 01	Grants, Funds & Contributions for Specific Purposes - Financial Institutions - ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും		0	0
320 50 01	Grants, Funds & Contributions for Specific Purposes - Welfare Bodies- ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും		0	0
320 60 01	Grants, Funds & Contributions for Specific Purposes - International Organizations- അന്തർദേശീയ സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും		0	0
320 70 02	Contributions for Joint Venture Projects (for Centrally Sponsored Scheme) - സംയോജിത പദ്ധതികൾക്കുള്ള കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതം		200,000	1,400,000
320 70 04	Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഇതര പദ്ധതികൾക്കുള്ള വിഹിതം(റവന്യൂ ചെലവുകൾക്ക്)		0	0
320 80 01	Other Grants, Funds & Contributions for Specific Purposes -others- മറ്റ് പ്രത്യേക ഇതര പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും		0	0
320 90 01	Awards from Central Government -കേന്ദ്ര സർക്കാരിൽ നിന്നുള്ള അവാർഡ് സംഖ്യ		0	0
320 90 02	Awards from State Government --സംസ്ഥാന സർക്കാരിൽ നിന്നുള്ള അവാർഡ് സംഖ്യ		0	0

Code	Budget Head	Actuals for the year 2020-21	Revised Budget for the year 2021-22	Budget for the year 2022-23
320 90 03	Other Awards and Honours-മറ്റ് അവാർഡുകളും ബഹുമതികളും		0	0
320	Total Capital income other than loans	8,155,137	16,250,000	24,498,000
	TOTAL INCOME	184,758,271	179,207,700	360,509,000
EXPENDITURES				
BS-8-Revenue Expenditure-Mandatory functions				
210	Establishment Expenses			
210 10 01	Salaries-ശമ്പളം	6,800,824	9,000,000	9,000,000
210 10 02	Wages-കൂലി	632,980	1,050,000	900,000
210 10 03	Bonus-ബോണസ്	12,000	40,000	20,000
210 20 01	Travelling Allowances-യാത്രാ ബത്ത	13,104	210,000	350,000
210 20 02	Other Benefits and Allowances-മറ്റ് ബത്തകൾ	40,296	70,000	50,000
210 20 03	Monthly Honorarium of Elected Representatives-ജനപ്രതിനിധികൾക്കുള്ള ഓണറേറിയം	1,435,074	2,000,000	2,100,000
210 20 04	Sitting Fee of Elected Representatives-ജന പ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ	108,200	175,000	1,750,000
210 20 05	Travelling Allowance of Elected Representatives-ജനപ്രതിനിധികൾക്കുള്ള യാത്ര ബത്ത	4,840	75,000	200,000
210 30 01	Pension Contributions-പെൻഷൻ കോൺട്രിബ്യൂഷൻ	731,026	900,000	900,000
210 30 02	Leave Salary Contributions-അവധി ശമ്പളം		300,000	
210 40 01	Other Terminal & Retirement Benefits-മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ		250,000	
210	Total	9,778,344	14,070,000	15,270,000

Code	Budget Head	Actuals for the year 2020-21	Revised Budget for the year 2021-22	Budget for the year 2022-23
220	Administrative Expenses			
220 10 01	Rent-വാടക	98,622	150,000	125,000
220 10 02	Rates-	880	0	
220 10 03	Taxes-നികുതി		1,000	
220 11 01	Office Maintenance-ഓഫീസ് ചെലവുകൾ	122,281	300,000	300,000
220 12 01	Communication Expenses-വാർത്താ വിനിമയ ചെലവുകൾ	131,861	175,000	150,000
220 20 01	Books & Periodicals-പുസ്തകങ്ങളും ആനുകാലികങ്ങളും	170,070	150,000	100,000
220 21 01	Printing & Stationery-അച്ചടിയും സ്റ്റേഷനറിയും	96,033	300,000	250,000
220 40 01	Insurance and Registration-ഇന്‍ഷുറൻസ്/രജിസ്ട്രേഷൻ	11,146	30,000	12,000
220 50 01	Audit Fees-ഓഡിറ്റ് ഫി		0	
220 51 01	Legal Expenses-നീതി ന്യായസേവനങ്ങൾക്കുള്ള ചെലവുകൾ	40,500	70,000	40,000
220 52 01	Professional & Other Fees-പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ	8,455	40,000	50,000
220 60 01	Advertisement & Publicity-പരസ്യവും പ്രചരണവും	27,846	100,000	150,000
220 61 01	Membership & Subscriptions-മെമ്പർഷിപ്/വരിസംഖ്യ		40,000	5,000
220 70 01	Election Expenses-തെരഞ്ഞെടുപ്പ് ചെലവുകൾ	261,403	100,000	75,000
220 71 01	Extra - ordinary Expenses-അസാധാരണ ചെലവുകൾ	88,333	100,000	200,000

Code	Budget Head	Actuals for the year 2020-21	Revised Budget for the year 2021-22	Budget for the year 2022-23
220 80 01	Miscellaneous Administrative Expenses-മറ്റ് ഭരണ ചെലവുകൾ	30,627	250,000	400,000
220	Total	1,088,057	1,806,000	1,857,000
230	Operations & Maintenance			
230 10 01	Power-വൈദ്യുതി/ഊർജം	982,052	1,200,000	1,200,000
230 10 02	Diesel, Petrol, Gas & Lubricants- ഡീസൽ പെട്രോൾ , ഓയിൽ , ലൂബ്രിക്കന്റ്	99,992	110,000	200,000
230 11 01	Water Charges for Drinking Water Schemes-വാട്ടർ ചാർജ്	36,756	45,000	30,000
230 20 01	Bulk Purchases		250,000	50,000
230 30 01	Consumption of Stores		10,000	10,000
230 40 01	Hire Charges-വാടക	3,100	20,000	45,000
230 50 01	Repairs & Maintenance - Infrastructure Assets - Buildings-സംരക്ഷണവും അറ്റകുറ്റപ്പണികളും-പൊതു കെട്ടിടങ്ങൾ		75,000	100,000
230 50 02	Repairs & Maintenance - Infrastructure Assets - Roads-സംരക്ഷണവും അറ്റകുറ്റപ്പണികളും-റോഡുകൾ		50,000	100,000
230 50 03	Repairs & Maintenance - Lanes-സംരക്ഷണവും അറ്റകുറ്റപ്പണികളും--ലെയിനുകൾ		20,000	50,000
230 50 04	Repairs & Maintenance Culverts & Bridges-സംരക്ഷണവും അറ്റകുറ്റപ്പണികളും--പാലങ്ങളും കലുങ്കുകളും		20,000	50,000
230 50 05	Repairs & Maintenance - Drinking Water-സംരക്ഷണവും അറ്റകുറ്റപ്പണികളും-കുടിവെള്ള പദ്ധതികൾ	46,832	30,000	50,000
230 50 06	Repairs & Maintenance Irrigation-സംരക്ഷണവും അറ്റകുറ്റപ്പണികളും-ജല സേചന പദ്ധതികൾ		0	
230 50 07	Repairs & Maintenance - Electricityസംരക്ഷണവും അറ്റകുറ്റപ്പണികളും-വൈദ്യുതി	127,239	30,000	40,000
230 50 08	Repairs & Maintenance - Waste Treatment-സംരക്ഷണവും അറ്റകുറ്റപ്പണികളും-മാലിന്യ നിർമാർജന പദ്ധതികൾ		0	

Code	Budget Head	Actuals for the year 2020-21	Revised Budget for the year 2021-22	Budget for the year 2022-23
230 50 09	Repairs & Maintenance - Movable Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-ജംഗമ ആസ്തികൾ	89,200	100,000	200,000
230 50 99	Repairs & Maintenance -Other Fixed Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-മറ്റ് സ്ഥിര ആസ്തികൾ		30,000	50,000
230 80 01	Other Operating and maintenance expenses-മറ്റ് നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ	500,401	1,050,000	200,000
230	Total	1,885,572	3,040,000	2,375,000
240	Interest & Finance Charges			
240 10 01	Interest on Loans from Central Government-കേന്ദ്ര സർക്കാർ വായ്പകളിന്മേലുള്ള പലിശ		0	
240 20 01	Interest on Loans from State Government-സംസ്ഥാന സർക്കാർ വായ്പകളിന്മേലുള്ള പലിശ		0	
240 30 01	Interest on Loans from Government Bodies & Associations-സർക്കാർസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളിന്മേലുള്ള പലിശ		0	
